കിണറ്റിൽ വിഷം കലർത്തിയതിനെതിരെ അന്വേഷണം

37 [811] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. എൻ. കെ. കറപ്പൻ, റീഷ്മ, പെരുവയൽ പി. ഒ., കോഴിക്കോട് എന്നയാളുടെ കിണറ്റിൽ മാരകവിഷം കലർത്തിയതു സംബന്ധിച്ച് വല്ല പരാതിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) കേസ് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) അന്വേഷണ ചുമതല ഏൽപ്പിച്ചത് ആരെയാണെന്ന് അറിയിക്കാമോ ;

(ഡി) പ്രതികൾക്കെതിരെ എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 309/03/യു./എസ്. 277 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) മെഡിക്കൽ കോളേജ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) പ്രതികളെ കണ്ടെത്താനായിട്ടില്ല.

ചാത്തന്നൂർ സർക്കിൾ ഇൻസ്പെക്ടർക്ക് മണൽ കടത്തുകാരുമായുള്ള ബന്ധം

38 [812] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് അനധികൃത മണൽ കടത്തുകാരുമായി ബന്ധമുള്ളതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly